(സി) NBCFDC പദ്ധതിപ്രകാരം 7024 പേർക്കും NMDFC പദ്ധതിപ്രകാരം 4685 പേർക്കുമായി ആകെ 11704 പേർക്ക് നാളിതുവരെ വായ്പ നൽകിയിട്ടുണ്ട്.

(ഡി) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ (NMDFC) എന്നീ ഏജൻസികളാണ് സർക്കാർ ഗ്യാരന്റിയിൽ ദീർഘകാല വായ്പ നൽകുന്നത്. ഈ രണ്ട് കോർപ്പറേഷനുകളുടെ വായ്പകൾക്കും 7% മാത്രമാണ് പലിശനിരക്ക്. എൻ.ബി.സി.എഫ്.ഡി.സി.-യുടെ വനിതകൾക്കുള്ള മൈക്രോ ഫിനാൻസിംഗ് പദ്ധതിയായ സ്വർണ്ണിമ പദ്ധതിക്ക് 4% ആണ് പലിശനിരക്ക്. പരമാവധി 50,000 രൂപ വരെയാണ് ഈ പദ്ധതിപ്രകാരം ഒരാൾക്ക് വായ്പ നൽകുന്നത്.

**വനത്തിനുപുറത്ത് വന്യജീവികളെ പാർപ്പിക്കുന്ന കേന്ദ്രങ്ങൾ**

24 (*559) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനത്തിനുപുറത്ത് വന്യജീവികളെ വളർത്തുകയും പാർപ്പിക്കുകയും ചെയ്യുന്ന എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം ;

(ബി) ഇവയ്ക്ക് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അംഗീകാരം ലഭിക്കാത്ത കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ സന്ദർശകരിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് വനത്തിനു പുറത്ത് വന്യജീവികളെ വളർത്തുകയും പാർപ്പിക്കുകയും ചെയ്യുന്ന 11 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. അവ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം മൃഗശാല
2. തൃശ്ശൂർ മൃഗശാല
3. പറശ്ശിനിക്കടവിലെ സ്നേക്ക് പാർക്ക്
4. പെരുവണ്ണാമുഴി ക്രോക്കോഡൈൽ ആന്റ് സ്നേക്ക് പാർക്ക്.
5. മാൻ പാർക്ക്, വാളയാർ
6. വൈൽഡ് അനിമൽ റെസ്ക്യൂ സെന്റർ, കോടനാട്.
7. ക്രോക്കോഡൈൽ പ്രൊട്ടക്ഷൻ സെന്റർ, നെയ്യാർ.

LIBRARY ARCHIVES Kerala Legislative Assembly

8. മാൻ റീഹാബിലിറ്റേഷൻ സെന്റർ, നെയ്യാർ
9. ലയൺ സഫാരി പാർക്ക്, നെയ്യാർ.
10. സ്നേക്ക് റെസ്ക്യൂ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ, മലമ്പുഴ.
11. തൃപ്പൂണിത്തുറയിലുള്ള ഹിൽ പാലസ് മിനി സൂ.

(ബി) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകൾക്കൊഴികെ മറ്റൊന്നിനും ലഭിച്ചിട്ടില്ല. അംഗീകാരം ലഭിക്കാത്ത കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു :

1. പെരുവണ്ണാമുഴി ക്രോക്കോഡൈൽ ആന്റ് സ്നേക്ക് പാർക്ക്.
2. മാൻ പാർക്ക്, വാളയാർ.
3. വൈൽഡ് അനിമൽ റെസ്ക്യൂ സെന്റർ, കോടനാട്.
4. ക്രോക്കോഡൈൽ പ്രൊട്ടക്ഷൻ സെന്റർ, നെയ്യാർ
5. മാൻ റീഹാബിലിറ്റേഷൻ സെന്റർ, നെയ്യാർ
6. ലയൺ സഫാരി പാർക്ക്, നെയ്യാർ
7. സ്നേക്ക് റെസ്ക്യൂ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ, മലമ്പുഴ
8. പറശ്ശിനിക്കടവിലെ സ്നേക്ക് പാർക്ക്
9. തൃപ്പൂണിത്തുറയിലുള്ള ഹിൽ പാലസ് മിനി സൂ.

(സി) തിരുവനന്തപുരം, തൃശൂർ മൃഗശാലകളിലും, പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിലും, മലമ്പുഴ സ്നേക്ക് റീഹാബിലിറ്റേഷൻ സെന്ററിലും കോടനാട്, വൈൽഡ് അനിമൽ റെസ്ക്യൂ സെന്ററിലും ഫീസ് ഈടാക്കുന്നുണ്ട്. മറ്റിടങ്ങളിൽ ഫീസ് ഈടാക്കുന്നില്ല.

**അനുവദിച്ചിട്ടുള്ള പണം യഥാസമയം വിനിയോഗിക്കാൻ നടപടി**

25 (*560) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പണം അതാതു പദ്ധതികൾക്ക് യഥാസമയം വിനിയോഗിക്കാൻ കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly